e-mail: gssbsukc@yahoo.co.in

Phone: 0471-2351910
0471-2351911
0471-2392810
Fax: 0471-2351963

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര012 695 – തിരുവനന്തപുരം ,

സർക്കുലർ നമ്പർ 01/21

തീയതി: 01.05.2021

## മെയ് ദിനം

അധ്വാനം കൊണ്ട് സകല സമ്പത്തും സൃഷ്ടിക്കുന്ന
തൊഴിലാളിക്ക് മനുഷ്യനായി ജീവിക്കാൻ അവകാശമുണ്ടെന്ന്
ഉറക്കെ വിളിച്ചു പറഞ്ഞതിന്റെ
ആവേശമുണർത്തുന്ന ഓർമ്മയാണ്
മെയ് ദിനം.

രൂപവും ഭാവവും മാറിയെങ്കിലും
ഇന്നും തുടരുന്ന ചൂഷണത്തിന്റെ നാളുകളിൽ
അധ്വാനിക്കുന്നവരുടെ പ്രതീക്ഷയുടെ
പേരാണ് മെയ് ദിനം.

ദുരിതക്കടലിൽ ആശയുടെ വെളിച്ചമാണത്,
ആവേശത്തിന്റെ കരുത്താണത്,
നല്ല നാളെയെന്ന സ്വപ്നത്തിലേക്കുള്ള തുഴയാണത്.

കഴിഞ്ഞ ഒരു വർഷമായി
ലോക ജനതയെ മുൾമുനയിൽ നിർത്തിയ മഹാമാരി
അതിന്റെ രണ്ടാം പ്രഭാവത്തിലാണിപ്പോൾ.
രോഗഭീതിയും ആശങ്കകളും
ജീവിതത്തെ ഹതാശമാക്കുന്നു,
തൊഴിലെടുത്ത് ജീവിക്കുന്നവരെ പ്രത്യേകിച്ചും.
അവർ വരുമാന നഷ്ടത്തിൽ നിന്ന്
ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും വലിച്ചെറിയപ്പെടുന്നു.

എന്നാൽ ഇതേ കാലയളവിൽ
ഒരു ചെറുന്യൂന പക്ഷം
ശതകോടീശ്വരന്മാരും സഹസ്രകോടീശ്വരന്മാരും
ആയി മാറിക്കൊണ്ടിരിക്കുന്ന കണക്കുകളാണ്
പുറത്തു വരുന്നത്.

മഹാമാരിക്കു നടുവിലും
ചിലർക്ക് ലാഭം കുന്നു കൂട്ടാൻ അവസരമൊരുക്കുന്ന
ഒരു ലോക ക്രമമാണ് നിലനിൽക്കുന്നത്.

ഈ മുതലാളിത്ത ലോക ക്രമത്തിന്
മനുഷ്യത്വം തീർത്തും അന്യമാണെന്ന ക്രൂര യാഥാർത്ഥ്യം

നമ്മുടെ മുന്നിൽ തുറുകണ്ണുകളുമായി നിൽക്കുന്നു.

നമ്മുടെ രാജ്യത്തിലും
മഹാമാരി ദുരിതം വിതച്ച നാളുകളിൽ തന്നെയാണ്
കർഷകരേയും തൊഴിലാളികളേയും
കോർപറേറ്റ് മൂലധനത്തിന്
അടിമകളാക്കുന്ന നിയമങ്ങൾ
നിർബന്ധപൂർവം അടിച്ചേൽപ്പിക്കുന്നത്.
ബാങ്കിങ് സ്വകാര്യവൽകരണമുൾപ്പെടെ
പൊതുമേഖലയുടെ വിനാശം വിളംബരം ചെയ്യപ്പെട്ടത്.

ഒടുവിൽ മഹാമാരിയിൽ നിന്ന്
ജനതയെ രക്ഷിക്കാനാവശ്യമായ
വാക്സിൻ പോലും സ്വകാര്യ ഏജൻസികളുടെ
ലാഭക്കൊതിക്ക് വിട്ടു കൊടുക്കപ്പെട്ടിരിക്കുന്നു.

അദ്ധ്വാനിക്കുന്നവരുടെ
ജീവിക്കാനുള്ള അവകാശം പൊരുതി നേടിയതാണ്.
അതിന്റെ ചരിത്രത്തിലെ അടയാളമാണ് മെയ് ദിനം.

മനുഷ്യരായി അന്തസ്സോടെ ജീവിക്കാനുള്ള
അവകാശത്തിനു വേണ്ടിയുള്ള സമരങ്ങൾ
ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.
പൊതു മേഖലയെ സംരക്ഷിക്കാനായി
നമ്മൾ നടത്തുന്ന സമരവും അതിന്റെ ഭാഗമാണ്.

ജീവിക്കാനുള്ള അവകാശത്തിനായുള്ള
എല്ലാ സമരങ്ങൾക്കും
മെയ് ദിന സ്മരണ ആവേശം പകരും.

**എല്ലാവർക്കും മെയ് ദിനാശംസകൾ**




**ഫിലിപ്പ് കോശി**
**(ജനറൽ സെക്രട്ടറി)**

| | |
|---|---|
| **STATE BANKS' STAFF UNION (KERALA CIRCLE) ………………………………………** | **ZINDABAD** |
| **ALL INDIA STATE BANK OF INDIA STAFF FEDERATION………………………………** | **ZINDABAD** |
| **NATIONAL CONFEDERATION OF BANK EMPLOYEES…………………………………** | **ZINDABAD** |
| **UNITED FORUM OF BANK UNIONS…………………………………………………………** | **ZINDABAD** |
| **8th GENERAL COUNCIL…………………………………………………………………………** | **ZINDABAD** |
| **INQUILAB…………………………………………………………………………………………** | **ZINDABAD** |